(ബി) ഏതെല്ലാം തീയതികളിൽ ലഭിച്ച ഏതെല്ലാം കത്തുകൾക്കാണ് മറുപടി നൽകിയിട്ടുള്ളത്;

(സി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ കാൻസർ സൊസൈറ്റിക്ക് ധനസഹായം ലഭ്യമാക്കുന്നതിലേക്കുവേണ്ടി കനേഡിയൻ ഹൈക്കമ്മീഷണറുമായോ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി അധികൃതരുമായോ ഏതെങ്കിലും നിലയിൽ ബന്ധപ്പെടുകയുണ്ടായോ;

(ഡി) എത്ര തവണ കത്തയയ്ക്കുകയുണ്ടായി; മുഖ്യമന്ത്രിയോ വൈദ്യുതി മന്ത്രിയോ എപ്പോഴെങ്കിലും ആശുപത്രി സന്ദർശിക്കുകയുണ്ടായോ?

ഉത്തരം

(എ) & (ബി) 13-10-2003-ലും 19-12-2003-ലും ബന്ധപ്പെട്ടവർക്ക് സർക്കാർ ഇക്കാര്യത്തിൽ കത്തെഴുതുകയുണ്ടായി.

(സി) & (ഡി) ആശുപത്രിയുടെ തുടർന്നുള്ള വികസനത്തിനായി കനേഡിയൻ സർക്കാരിൽനിന്ന് തുടർന്നും സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കാനഡ സർക്കാരിന് കത്തയച്ചിട്ടുണ്ട്. റേഡിയേഷൻ തെറാപ്പി വിഭാഗം പൂർത്തീകരിക്കുന്നതിനും ബ്ലഡ് ബാങ്ക് സജ്ജീകരിക്കുന്ന ആവശ്യത്തിലേക്കും ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് CIDA-യ്ക്ക് ചീഫ് സെക്രട്ടറിയും ഊർജ്ജ വകുപ്പു സെക്രട്ടറിയും കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ, ട്രീറ്റ്മെന്റ് ബ്ലോക്ക്, ഇൻപേഷ്യന്റ് ബ്ലോക്ക് എന്നിവയ്ക്കായി ഊർജ്ജ വകുപ്പു സെക്രട്ടറി എസ്.എൻ.സി. ലാവ്‌ലിനും CIDA-യ്ക്കും ഇന്ത്യയിലെ കനേഡിയൻ ഹൈക്കമ്മീഷണർക്കും കത്തുകൾ അയച്ചിട്ടുണ്ട്.

8-12-2002-ൽ അന്നത്തെ മുഖ്യമന്ത്രി മലബാർ കാൻസർ ആശുപത്രിയുടെ ബ്ലഡ് ബാങ്ക് ഉദ്ഘാടനത്തിനായും 27-2-2005-ൽ ഊർജ്ജ വകുപ്പുമന്ത്രി അവലോകനത്തിനായും ആശുപത്രി സന്ദശിക്കുകയുണ്ടായി.

എസ്. എൻ. സി. ലാവ്‌ലിൻ കമ്പനി

3 [2753] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) 2002 ഡിസംബർ 2-ന് എസ്.എൻ.സി. ലാവ്‌ലിൻ മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ എന്തെല്ലാം ആവശ്യങ്ങളായിരുന്നു ഉന്നയിച്ചിരുന്നത്; ആയതിന് ഗവൺമെന്റ് മറുപടി നൽകുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി മലബാർ കാൻസർ ആശുപത്രിയിൽ ഏതെങ്കിലും യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയുണ്ടായോ; എങ്കിൽ എന്നായിരുന്നു; അതിന്റെ നിർമ്മാണച്ചെലവ് വഹിച്ചത് ആരായിരുന്നു;

(സി) യു.ഡി.എഫ്. ഗവൺമെന്റിലെ ഏതെങ്കിലും ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി മലബാർ കാൻസർ ആശുപത്രി സന്ദർശിക്കുകയുണ്ടായോ;

(ഡി) യു.ഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ കാൻസർ ആശുപത്രി സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി ഏതെല്ലാം തീയതികളിൽ യോഗം ചേരുകയുണ്ടായി; ഓരോ യോഗത്തിലെയും പ്രധാന തീരുമാനം എന്തായിരുന്നു; മിനിറ്റ്സുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ആശുപത്രിക്ക് വാഗ്ദാനം ചെയ്ത അവശേഷിക്കുന്ന സഹായം നേടിയെടുക്കുന്നതിനുവേണ്ടി വൈദ്യുതിവകുപ്പു മന്ത്രിയോ മുഖ്യമന്ത്രിയോ കനേഡിയൻ ഹൈക്കമ്മീഷണറുമായി ബന്ധപ്പെടുകയുണ്ടായോ; ആയതിലേക്ക് അയച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ബന്ധപ്പെടാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കത്തിലെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.† ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് 13-10-2003-നും 19-12-2003-നും ബന്ധപ്പെട്ടവർക്ക് എഴുതിയെങ്കിലും ധനസഹായം നൽകാൻ നിർവ്വാഹമില്ലെന്ന് 6-2-2004-ൽ കനേഡിയൻ ഹൈക്കമ്മീഷണർ അറിയിക്കുകയുണ്ടായി.

(ബി) 8-12-2002-ൽ ആശുപത്രിയിലെ ബ്ലഡ് ബാങ്ക് യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. പ്രസ്തുത യൂണിറ്റിന്റെ നിർമ്മാണച്ചെലവ് എസ്.എൻ.സി. ലാവ്‌ലിനാണ് നൽകിയത്.

(സി) 27-2-2005-ൽ ഊർജ്ജവകുപ്പുമന്ത്രി ആശുപത്രി സന്ദർശിച്ചു.

(ഡി) 15-1-2002-ലും 24-11-2004-ലും ഗവേണിംഗ് ബോഡി യോഗം ചേരുകയുണ്ടായി. മിനിറ്റ്സുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

---

† അനുബന്ധം I, I(എ), I(ബി) & I(സി)

LIBRARY ARCHIVES Kerala Legislative Assembly